ഉത്തരം

(എ) ഉണ്ട്.

(ബി) ശമ്പള പരിഷ്ക്കരണത്തിനുവേണ്ടി കമ്മീഷൻ രൂപീകരിക്കുന്നതിനെ പറ്റി ആലോചിക്കുന്നതിനു സർക്കാർ തയ്യാറാണ്.

(സി) ഇക്കാര്യം ആലോചിച്ചിട്ടില്ല.

വിവിധ സാമൂഹ്യ ക്ഷേമ പദ്ധതികൾക്കുള്ള ചെലവ്

42 [217] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001 മേയ് മാസം മുതൽ നാളിതുവരെ സംസ്ഥാന ഗവൺമെന്റ് നടപ്പിലാക്കിവരുന്ന വിവിധ സാമൂഹ്യക്ഷേമ പദ്ധതികൾക്കായി എത്ര തുക ചെലവഴിക്കുവാൻ ധനകാര്യ വകുപ്പ് അനുമതി നൽകിയിട്ടുണ്ടെന്നും പദ്ധതികൾ ഏതെല്ലാമെന്നും വ്യക്തമാക്കുമോ;

(ബി) ഇതേ കാലയളവിൽ കേന്ദ്ര ഗവൺമെന്റ് സംസ്ഥാനത്ത് നടപ്പിലാക്കുന്ന സാമൂഹ്യക്ഷേമ പദ്ധതികളുടെ സംസ്ഥാന വിഹിതം എന്ന നിലയിൽ എത്ര തുക ചെലവഴിക്കുവാൻ ധനകാര്യ വകുപ്പ് അനുമതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) സാമൂഹ്യക്ഷേമ പദ്ധതികൾക്കുള്ള തുക സമയബന്ധിതമായി ചെലവഴിക്കുവാനും ട്രഷറി നിയന്ത്രണങ്ങളിൽ നിന്നും ഇവയെ ഒഴിവാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2001 മേയ് മാസം മുതൽ നാളിതുവരെ സംസ്ഥാന ഗവൺമെന്റ് നടപ്പിലാക്കിവരുന്ന താഴെപ്പറയുന്ന സാമൂഹ്യക്ഷേമ പദ്ധതികൾക്കായി ആകെ 53189.40 ലക്ഷം രൂപ ചെലവഴിക്കുവാൻ ധനകാര്യ വകുപ്പ് അനുമതി നൽകിയിട്ടുണ്ട്:

(i)	കർഷകത്തൊഴിലാളി പെൻഷൻ	.. 17037.48 ലക്ഷം രൂപ
(ii)	കശുവണ്ടിത്തൊഴിലാളി ആശ്വാസ ക്ഷേമ നിധി ബോർഡ് നിലവിൽ വരുന്നതിനു മുമ്പ് വിരമിച്ച കശുവണ്ടിത്തൊഴിലാളികൾക്കും സ്റ്റാഫിനും നൽകിവരുന്ന പെൻഷൻ	.. 584.75 ലക്ഷം രൂപ
(iii)	ചുരുട്ട് തൊഴിലാളികൾക്ക് നൽകിവരുന്ന പെൻഷൻ	.. 19.53 ലക്ഷം രൂപ
(iv)	മരം കയറ്റ തൊഴിലാളികൾക്ക് നൽകിവരുന്ന സാമ്പത്തിക സഹായം	.. 143.80 ലക്ഷം രൂപ
(v)	പൂട്ടിക്കിടക്കുന്ന കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്ക് ഓണക്കാലത്ത് നൽകിയ സാമ്പത്തിക സഹായം	.. 76.66 ലക്ഷം രൂപ

LIBRARY ARCHIVES Kerala Legislative Assembly

(vi) പൂട്ടിക്കിടക്കുന്നസ്ഥകാര്യ മേഖല, പൊതു മേഖല, എസ്റ്റേറ്റുകൾ, കയർ സഹകരണ സംഘങ്ങൾ എന്നിവയിലെ തൊഴിലാളി കൾക്ക് ഓണക്കാലത്ത് നൽകിയ സാമ്പത്തിക സഹായം .. 406.50 ലക്ഷം രൂപ

(vii) വികലാംഗ പെൻഷൻ .. 6723.01 ലക്ഷം രൂപ

(viii) വിധവ (അഗതി) പെൻഷൻ .. 10344.38 ലക്ഷം രൂപ

(ix) ദേശീയ വാർദ്ധക്യകാല പെൻഷൻ .. 4548.96 ലക്ഷം രൂപ

(x) അവിവാഹിതകളും 50 വയസ്സിനുമുകളി ലുമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ .. 982.14 ലക്ഷം രൂപ

(xi) പാവപ്പെട്ട വിധവകളുടെ പെൺമക്കൾ ക്കുള്ള ധനസഹായം .. 1295.76 ലക്ഷം രൂപ

(xii) സംസ്ഥാന സ്വാതന്ത്ര്യ സമരസേനാനി പെൻഷൻ .. 11026.43 ലക്ഷം രൂപ

(ബി) കേന്ദ്ര ഗവൺമെന്റ് സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന ഏക സാമൂഹ്യ ക്ഷേമ പദ്ധതി "ദേശീയ വാർദ്ധക്യകാല പെൻഷൻ" മാത്രമാണ്. ടി പദ്ധതിപ്രകാര മുള്ള പ്രതിമാസ പെൻഷൻ 110 രൂപയാണ്. ഇതിൽ 35 രൂപ സംസ്ഥാന വിഹിതമായി നൽകുന്നു. ഇതിലേയ്ക്കായി 2001 മേയ്മാസം മുതൽ നാളിതുവരെ 2064.96 ലക്ഷം രൂപ ചെലവഴിക്കാൻ അനുവാദം നൽകിയിട്ടുണ്ട്.

(സി) സാമൂഹ്യക്ഷേമ പദ്ധതികൾക്ക് അനുവദിക്കുന്ന തുക സമയബന്ധിത മായി ചെലവഴിക്കാൻ സാമൂഹ്യക്ഷേമ വകുപ്പിന് നിർദ്ദേശം നൽകാറുണ്ട്. ട്രഷറി നിയന്ത്രണങ്ങളിൽനിന്നും ഒഴിവാക്കി സാമൂഹ്യക്ഷേമ പദ്ധതികൾക്കുള്ള തുക മാറുന്നതിന് പരമാവധി ഇളവുകൾ അനുവദിച്ചുവരുന്നു.

പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത് തടയുന്ന നടപടി

43 [218] ശ്രീ. കെ. പി. സതീശ് ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡു ജില്ലയിലെ കയ്യൂർ ഗവൺമെന്റ് ഐ.ടി.ഐ. മോഡൽ ഐ.ടി.ഐ. ആയി ഉയർത്തുന്നതിന് 2004-05-ലെ ബഡ്ജറ്റിൽ വകയിരുത്തിയ തുക ഉപയോഗിച്ച് പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത് ധനകാര്യ വകുപ്പ് തടഞ്ഞിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ ആന്റ് ബി) സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് ഇക്കാര്യം പരിഗണിക്കാം എന്നുള്ള നിലപാടാണ് ധനകാര്യ വകുപ്പ് സ്വീകരിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly